കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## വയലാർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം,
ആലപ്പുഴ
ഇ-മെയിൽ: ddhglfalpy@gmail.com

നം.കെ.എസ്.എ-എ.എൽ.പി/പി2-1460/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,ആലപ്പുഴ

ഇ-മെയിൽ -ddhglfalpy@gmail.com

ഫോൺ:0477-2252753

തീയതി: 14.12.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വയലാർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം: വയലാർ ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വയലാർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1, 2-2 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-12, 3-13 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി2-1460/16 തിയ്യതി: 14.12.16

# ആലപ്പുഴ ജില്ലയിലെ വയലാർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ വയലാർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 31.10.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | സി.വൈ.സലിം | |
| | | ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 18.11.2016 മുതൽ 29.11.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.ആർ.രാജീവ് | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | | ശ്രീ.പുഷ്പരാജ്.വി.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.രഞ്ജു പ്രകാശ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ബീന തങ്കരാജ് | 01.04.2015 മുതൽ 31.10.2015 വരെ |
| | ശ്രീ.സി.ആർ.ബാഹുലേയൻ | 19.11.2015 മുതൽ 31.03.2016 വരെ |
| സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ (ധന കാര്യം) | ശ്രീ.ജയിംസ് എബ്രഹാം | 01.04.2015 മുതൽ 31.10.2015 വരെ |
| | ശ്രീമതി.ഗീതാ വിശ്വംഭരൻ | 19.11.2015 മുതൽ 31.03.2016 വരെ |
| സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ (വികസന കാര്യം) | ശ്രീമതി.വിജി രമേശ് | 01.04.2015 മുതൽ 31.10.2015 വരെ |
| | ശ്രീ.എസ്.വി.ബാബു | 19.11.2015 മുതൽ 31.03.2016 വരെ |
| സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ (ക്ഷേമ കാര്യം) | ശ്രീ.എ.ജി.അശോകൻ | 01.04.2015 മുതൽ 31.10.2015 വരെ |

| | | |
|---|---|---|
| | ശ്രീമതി.ഇന്ദിര.കെ | 19.11.2015 മുതൽ 31.03.2016 വരെ |
| സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ (ആരോഗ്യ-വിദ്യാഭ്യാസ കാര്യം) | ശ്രീമതി.സിജി ഷിബു | 01.04.2015 മുതൽ 31.10.2015 വരെ |
| | ശ്രീ.യു.ജി.ഉണ്ണി | 19.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീമതി.വി.സുശീല | 01.04.2015 മുതൽ 20.08.2015 വരെ |
| | ശ്രീ.പി.ഡി.ജോഷി | 21.08.2015മുതൽ 31.03.2016വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.മേരി.റ്റി.എ | 01.04.2015മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ശ്രീമതി.ആര്യാ അൽഫോൺസ് | 01.04.2015മുതൽ 31.03.2016വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ഐഷ.ആർ | 01.04.2015മുതൽ 31.03.2016വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി.എസ്.അനിത | 01.04.2015മുതൽ 31.03.2016വരെ |
| എൽ.വി.ഇ.ഒ | ശ്രീമതി.മിനി പോൾ | 01.04.2015മുതൽ 31.03.2016വരെ |
| “ | ശ്രീമതി.ഷെൽബി ജോസ് | 01.04.2015മുതൽ 31.03.2016വരെ |
| വി.ഇ.ഒ | ശ്രീ.ജോസഫ്.പി.വി. | 10.03.2016 മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | ഡോ.പ്രെസി മോൾ | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ- ആയുർവ്വേദം | ഡോ.ലക്ഷ്മി ദേവി.ഡി.വൈശാഖ് | 01.04.2015മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ- ഹോമിയോ | ഡോ.സ്മിത.എം.നായർ | 01.04.2015മുതൽ 31.03.2016വരെ |
| അസിസ്റ്റന്റ് എൻജിനീയർ | കെ.ഡി.ദിലീഷ് | 01.04.2015മുതൽ 31.03.2016വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1 മുതൽ 1-10 വരെ |

| | | |
|---|---|---|
| | ഭാഗം 2 | |
| 2 | വസ്തു നികുതി – പൂർണ്ണമായും ഈടാക്കുന്നില്ല | 2-1 |
| 3 | തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കുന്നില്ല – വരുമാന നഷ്ടം | 2-2 |
| 4 | ഫാറങ്ങളുടെ വില്പന ക്രമ പ്രകാരമല്ല | 2-3 |
| 5 | പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അൺ-എയ്ഡഡ് സ്കൂളുകൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകുന്നില്ല | 2-4 |
| | ഭാഗം 3 | |
| 6 | ചാർജ്ജ് അലവൻസ് ഇനത്തിൽ അധികം തുക കൈപ്പറ്റി | 3-1 |
| 7 | ദിനബത്ത ഇനത്തിൽ അധികം തുക കൈപ്പറ്റി | 3-2 |
| 8 | സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 3-3 |
| 9 | അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച പദ്ധതികൾ വിനിയോഗ വിവരം ലഭ്യമല്ല – ചെലവ് തടസ്സപ്പെടുത്തുന്നു | 3-4 |
| 10 | കേരള വാട്ടർ അതോറിറ്റിയ്ക്ക് വെള്ളക്കരം അടവാക്കൽ – പൊതു ടാപ്പുകളുടെ എണ്ണം ഉറപ്പുവരുത്തുന്നില്ല | 3-5 |
| 11 | മീഡിയാശ്രീ ഡോക്യുമെന്റേഷൻ – ഡോക്യുമെന്ററി ചിത്രത്തിന്റെ പകർപ്പ് ലഭ്യമായില്ല | 3-6 |
| 12 | സാമൂഹ്യ സുരക്ഷാ മിഷന് സംഭാവന – വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-7 |
| 13 | പ്രധാനാധ്യാപിക നിർവ്വഹണം നടത്തിയ പദ്ധതികൾ – അപാകതകൾ | 3-8 |
| 14 | വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-9 |
| 15 | പദ്ധതി പണം തിരിച്ചടക്കൽ ശീർഷകം മാറിയത് – സംബന്ധിച്ച് | 3-10 |
| 16 | ഓണം അഡ്വാൻസ് തിരികെ ഈടാക്കിയില്ല | 3-11 |
| 17 | ഐ.ടി.ഐയ്ക്ക് സ്ഥലം ലഭ്യമാക്കിയില്ല – വാടകയിനത്തിൽ ഭീമമായ തുക ചെലവഴിക്കുന്നു | 3-12 |
| 18 | കടുങ്ങാത്തുരുത്ത് പ്ലാശ്ശേരി ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ ഉദ്യോഗസ്ഥരുടെ അലംഭാവം 1,26,148/-രൂപ അധികച്ചെലവ് | 3-13 |
| 19 | തൊഴിലുറപ്പ് പദ്ധതി | 3-14 |

| | ഭാഗം 4 | |
|---|---|---|
| 20 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 മുതൽ 4-10 വരെ |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 23.03.15 തിയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന ആകെ വരവ് 122286733/- രൂപയും ആകെചെലവ് 118817489/- രൂപയും ആയിരുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2016 | 31.07.2016 |

വാർഷിക കണക്കുകളുടെ പരിശോധന സംബന്ധിച്ച വിവരം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 4-1-ൽ ചേർത്തിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -2,25,21,373

വരവ് -4,00,15,638

ആകെ -62,537,011

ചെലവ് -4,86,24,729

നീക്കിയിരിപ്പ്-1,39,12,282

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 35,38,983 | 97,70,247 | 1,33,09,230 | 1,33,09,230 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 30,83,469 | 42,27,000 | 73,10,469 | 73,10,469 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 1,37,042 | 1,33,000 | 2,70,042 | 2,70042 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 3,29,726 | 10,66,000 | 13,95,726 | 13,95,726 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 11,39,571 | 35,83,000 | 47,22,571 | 47,22,571 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 11,55,681 | 49,61,509 | 61,17,190 | 61,17,190 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | 37,90,264 | 0 | 37,90,264 | 37,90,264 | 0 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 35,237 | 3,30,08,133 | 3,30,43,370 | 3,30,41,535 | 1835 | 99.99 |
| ബി ഫണ്ട് | 0 | 1,87,00,815 | 1,87,00,815 | 1,87,00,815 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 163 | 5,16,76,601 | 118 | 3,09,85,217 | 16 | 29 | 72.39 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 36.22 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 33,79,009 | 44,16,748 | (+)10,37,739 | (+)30.71% |
| നികുതിയേതര വരവുകൾ | 2,88,826 | 4,49,261 | (+)1,60,435 | (+)55.5% |
| മറ്റുവരവുകൾ | 50,528 | 1,20,635 | (+)70,107 | (+)138.7% |
| ആകെ | 37,18,363 | 49,86,644 | 12,68,281 | (+)34% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 10,15,800 | 605 |
| കർഷകതൊഴിലാളി പെൻഷൻ | 16,44,870 | 185 |
| വിധവാപെൻഷൻ | 58,64,720 | 575 |
| വാർദ്ധക്യകാലപെൻഷൻ | 62,98,080 | 851 |
| വികലാംഗപെൻഷൻ | 26,04,585 | 271 |
| അവിവാഹിത പെൻഷൻ | 9,42,760 | 90 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.11.2016-ൽ സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി പരിശോധനയിൽ 2192/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.10.2016 | 09/2016 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | വിവരങ്ങൾ ലഭ്യമാക്കിയില്ല | | |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തു നികുതി - പൂർണ്ണമായും ഈടാക്കുന്നില്ല

12.04.2012 ലെ 49590/ആർ.സി 2/2011സർക്കുലർ പ്രകാരം 14.01.2011 മുതൽ അൺ - എയ്ഡഡ് സ്കൂളുകൾക്ക് വസ്തു നികുതി ബാധകമാക്കിയിട്ടുണ്ട്. 2015-16 വർഷത്തെ വസ്തു നികുതി ഡിമാന്റ് പത്രിക പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബിഷപ്പ് മൂർ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പണിയ്ക്കവീട്ടിൽ സർ സെബാസ്റ്റ്യൻസ് പബ്ലിക്ക് സ്കൂൾ എന്നിവയിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല.

14.01.2011 ലെ സർക്കാർ ഉത്തരവ് നം.19/2011/ത.സ്വ.ഭ.വ പ്രകാരം മൊബൈൽ ടവറുകൾക്ക് തറ വിസ്തീർണ്ണാടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. എന്നാൽ 2015-16 വർഷത്തെ വസ്തു നികുതി ഡിമാന്റ് പത്രിക, നിർണ്ണയ രജിസ്റ്റർ എന്നിവ പ്രകാരം വയലാർ പഞ്ചായത്തിലെ 3ാം വാർഡിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടവറിന്റെ വസ്തു നികുതി അസസ്സ് ചെയ്ത് ഈടാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നം.10 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ടി സ്ഥാപനങ്ങളുടേയും, മൊബൈൽ ടവറുകളുടേയും വസ്തുനികുതി ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 2-2 തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കുന്നില്ല -വരുമാന നഷ്ടം

2015-16 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, അർദ്ധ വർഷ പത്രികകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1). തൊഴിൽ നികുതി പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന അർദ്ധവർഷ വരുമാനത്തിനനുസൃതമായി നികുതി ഈടാക്കിയിട്ടില്ല. വിശദവിവരം താഴെ പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര്, ഉദ്യോഗ പേര് | അർദ്ധവർഷം / വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | ഹോളി ക്രോസ് ഹോസ്പിറ്റൽ, ചേർത്തല | ലിസിവി.വി, എ.എൻ.എം | ഒന്നാം/ 60000 | 600 | 450 | 150 |
| 2 | പോസ്റ്റ് ഓഫീസ്, വയലാർ | ബാലകൃഷ്ണൻ നായർ, ജി.ഡി.എസ്.എം.ഡി | രണ്ടാം/ 75108 | 750 | 600 | 150 |
| ആകെ | | | | | | 300 |

2). കേരളാദിത്യപുരം ദേവസ്വത്തിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ 2014-15 വർഷം, ഒന്നാം പകുതിയിൽ 6950/- രൂപയും രണ്ടാം പകുതിയിൽ 7450/- രൂപയും നികുതി ഒടുക്കിയിട്ടുണ്ട്. എന്നാൽ, ഓഡിറ്റ് വർഷം നികുതി ഈടാക്കിയിട്ടില്ല.

3). പണിക്കവീട്ടിൽ സർ സെബാസ്റ്റ്യൻ പബ്ലിക്ക് സ്കൂളിൽ നിന്നും സമർപ്പിച്ചിരിക്കുന്ന തൊഴിൽ നികുതി പത്രികയിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക വളരെ കുറഞ്ഞ നിരക്കിലാണ്. (അദ്ധ്യാപകരുടെ മാസ വരുമാനം 6000/-, 5000/-രൂപ എന്നിങ്ങനെ രേഖപ്പെടുത്തി തൊഴിൽ നികുതി ആയി

300/-രൂപ, അനദ്ധ്യാപകരുടെ മാസ വരുമാനം 3400/-, 3100/-രൂപ എന്നിങ്ങനെ രേഖപ്പെടുത്തി തൊഴിൽ നികുതി ആയി 180/-രൂപ എന്നിങ്ങനെയാണ് ഈടാക്കിയിരിക്കുന്നത്.) സി.ബി.എസ്.ഇ അഫിലിയേഷനുള്ള സ്കൂളുകളിലെ അദ്ധ്യാപക – അനദ്ധ്യാപക തസ്തികയിലെ ജീവനക്കാർക്ക് കേന്ദ്രസർക്കാരോ സംസ്ഥാന സർക്കാരോ സമാന തസ്തികയിലുള്ള ജീവനക്കാർക്ക് നല്കുന്ന ശമ്പളത്തിലും അലവൻസിലും കുറയാത്ത തുക നല്കണമെന്ന് 2009ലെ സി.ബി.എസ്.ഇ അഫിലിയേഷൻ നിയമാവലിയുടെ റൂൾ 3.3(II) വ്യക്തമാക്കിയിട്ടുണ്ട് (കേന്ദ്ര സർക്കാരിന്റെ 29.09.09 ലെ സർക്കുലർ നം. 1). യഥാർത്ഥ വരുമാന വിവരം ലഭ്യമാക്കി തൊഴിൽനികുതി ഈടാക്കേണ്ടതാണ്.

4). തിരു നാഗംകുളങ്ങര ക്ഷേത്രത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി 2 അർദ്ധവർഷങ്ങളിലും ഈടാക്കിയിട്ടില്ല.

5). താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ (ഫാക്ടറികൾ/കമ്പനികൾ) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനയുടമയുടെ പേര് | സ്ഥാപനം |
|---|---|---|
| 1 | ജേക്കബ്തോമസ്,<br>മാനേജിംഗ് ഡയറക്ടർ | ഇൻഡസ് കൺസ്യൂമർ പ്രോഡക്ട് പ്രൈവറ്റ് ലിമി. |
| 2 | മുജീബ്.കെ.എ,<br>മാനേജിംഗ് ഡയറക്ടർ | റൂഫ് ടെക് ഇൻഡസ്ട്രീസ് |
| 3 | റിജു.കെ.പാലയ്ക്കൽ,<br>മാനേജിംഗ് ഡയറക്ടർ | പാലയ്ക്കൽ ടയർ വേൾഡ് |
| 4 | ജെയിംസ് ജോസ്,<br>മാനേജിംഗ് ഡയറക്ടർ | ടൈംസ് ഓഫ് സെറ്റ് പ്രിന്റിംഗ് പ്രസ്സ് |
| 5 | ജിബി സേവ്യർ,<br>പൊന്നേഴത്ത്<br>മാനേജിംഗ് ഡയറക്ടർ | ജെ.ജെ.കയേഴ്സ് |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം.1 മുതൽ 4 വരെയുള്ള സ്ഥാപനങ്ങളിൽ അറിയിച്ച് നഷ്ടമായ തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ക്രമ നം.5 ന് നല്കിയ മറുപടിയിൽ സ്ഥാപനനികുതി ഈടാക്കിയതിന്റെ വിവരം മാത്രമാണ് ലഭ്യമാക്കിയിരിക്കുന്നത്. സ്ഥാപനങ്ങളിൽ തൊഴിൽ ചെയ്യുന്ന ജീവനക്കാരുടെ നികുതി ഈടാക്കേണ്ടതാണ്.

## 2-3 ഫാറങ്ങളുടെ വില്പന ക്രമപ്രകാരമല്ല

വയലാർ പഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് വഴി ഡി & ഒ ലൈസൻസിനുള്ള ഫാറങ്ങൾ, കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള ഫാറങ്ങൾ എന്നിവ വിതരണം ചെയ്യുന്നുണ്ട്. ഓരോ ഫാറങ്ങൾക്കും യഥാക്രമം 4രൂപ, 20 രൂപ നിരക്കിൽ പണം ഈടാക്കുന്നുണ്ട്. വാർഷിക കണക്കുകൾ പ്രകാരം, ടി ഇനത്തിൽ 4533/- രൂപ വരവുണ്ട്.

എന്നാൽ, വിതരണം നടത്തുന്ന ഫാറങ്ങളിൽ ക്രമ നമ്പർ രേഖപ്പെടുത്തുകയോ സ്റ്റോക്ക് രജിസ്റ്ററിൽ വിതരണ വിവരം രേഖപ്പടുത്തുകയോ ചെയ്യുന്നില്ലായെന്ന് ഭൗതിക പരിശോധനയിൽ ബോധ്യമായി. തന്മൂലം പ്രസ്തുത ഫോമുകളുടെ വില്പനയുടെയും നീക്കിയിരിപ്പിന്റെയും കൃത്യത തിട്ടപ്പെടുത്താൻ സാധിക്കുന്നില്ല. അപാകത പരിഹരിക്കേണ്ടതാണ്.

## 2-4 പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നല്കുന്നില്ല

പൊതു വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് നം. ജി.ഒ (ആർ.റ്റി) 2427/2007,01.08.07 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന അൺ എയ്ഡഡ് സ്കൂളുകൾക്ക് ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് നല്കുന്നതിന് എൽ.എസ്.ജി.ഡി എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജി.ഒ(പി)84/97/PW&T/19.08.97 അനുസരിച്ച് 1000/-രൂപയാണ് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഫീ ഇനത്തിൽ ഈടാക്കേണ്ടത്.

എന്നാൽ, വയലാർ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം, ടി ഇനത്തിൽ വരവില്ല. പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന അൺ-എയ്ഡഡ് സ്കൂളുകളായ ബിഷപ്പ് മൂർ ഇംഗ്ലീഷ് മീഡിയം സ്കൂൾ, വയലാർ കവല, പണിയ്ക്കവീട്ടിൽ സർ സെബാസ്റ്റ്യൻസ് പബ്ലിക്ക് സ്കൂൾ എന്നീ സ്ഥാപനങ്ങളിൽ നിന്നും ഫിറ്റ്നെസ് ഫീ ഈടാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് സ്ഥാപനങ്ങളിൽ നിന്ന് നാളിതു വരെ പഞ്ചായത്ത് ഓഫീസിലോ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലോ അപേക്ഷ ലഭിച്ചിട്ടില്ല എന്നാണ് അറിയിച്ചിരിക്കുന്നത്. ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നല്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ചാർജ്ജ് അലവൻസ് ഇനത്തിൽ അധികം തുക കൈപ്പറ്റി

ജി.ഒ(പി) നം.454/2011ഫിൻ., തീയതി-19.10.2011 പ്രകാരം ഫുൾ അഡീഷണൽ ചാർജ് വഹിച്ച ഉദ്യോഗസ്ഥന് ചാർജ്ജ് അലവൻസ് നല്കുന്നത് അധിക തസ്തികയുടെ കുറഞ്ഞ ശമ്പളത്തിന്റെ 6% ആണ്. ജി.ഒ(പി) നം.897/98/ഫിൻ., തീയതി 09.03.1998 അനുസരിച്ച് ചാർജ് അലവൻസ് 3 മാസത്തേയ്ക്ക് മാത്രമാണ് നല്കുന്നത്.

06/2015-16ലെ വൗച്ചർ നം.21500126 പ്രകാരം, ശ്രീമതി.വി.സുശീല, അസി.സെക്രട്ടറി, സെക്രട്ടറിയുടെ ഫുൾ അഡീഷണൽ ചാർജ് വഹിച്ചതിന് ചാർജ്ജ് അലവൻസ് ഇനത്തിൽ 3903/-രൂപ നല്കിയിട്ടുണ്ട്. (ചെക്ക് നം.000075/11.06.15, തുക- 87014/-)

സെക്രട്ടറി തസ്തികയുടെ കുറഞ്ഞ ശമ്പളം 18740/- രൂപയായതിനാൽ, ഇതിന്റെ 6% തുകയായ 1124 രൂപ 3 മാസത്തേയ്ക്ക് നല്കുമ്പോൾ 3372/-രൂപ മാത്രമേ നല്കാവൂ. ആയതിനാൽ, അധികം നല്കിയ തുക 531/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

### 3-2 ദിന ബത്ത ഇനത്തിൽ അധികം തുക കൈപ്പറ്റി

വൗച്ചർ നമ്പർ – 21500125/06/15-16

ചെക്ക് നമ്പർ – 000075/11.06.15 തുക-87014/-

വയലാർ പഞ്ചായത്തിന്റെ 2015-16 വർഷത്തെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ, ഉദ്യോഗസ്ഥർ വിവിധ യാത്രകൾക്ക് ഉയർന്ന നിരക്കിൽ ദിന ബത്ത കൈപ്പറ്റിട്ടുണ്ട്.

ജി.ഒ(പി) നം.85/2011/ഫിൻ., തീയതി-26.02.2011പ്രകാരം, ഉദ്യോഗസ്ഥരെ അടിസ്ഥാന ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് I, II(എ), II(ബി), III തരംതിരിച്ചിട്ടുണ്ട്. ആയത് പ്രകാരം 25280/-ന് മുകളിൽ അടിസ്ഥാന ശമ്പളമുള്ള ഗ്രേഡ് 1 ഉദ്യോഗസ്ഥർക്കാണ് 250/-രൂപ ദിന ബത്ത അനുവദിച്ചിരിക്കുന്നത്. എന്നാൽ, വയലാർ പഞ്ചായത്തിലെ ശ്രീമതി.വി.സുശീല, അസി.സെക്രട്ടറി (16,180-29,180 ശമ്പള സ്കെയിലിൽ 20,240/-രൂപ അടിസ്ഥാന ശമ്പളം) രാധാകൃഷ്ണക്കുറുപ്പ്, ഹെഡ് ക്ലാർക്ക് (14620-25280 ശമ്പള സ്കെയിലിൽ 17860/-രൂപ അടിസ്ഥാന ശമ്പളം) എന്നിവർക്ക് 250/-രൂപ നിരക്കിലാണ് ഡി.എ അനുവദിച്ചിരിക്കുന്നത്.

വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഉദ്യോഗസ്ഥന്റെ പേര്, ഉദ്യോഗപ്പേര് | യാത്ര ചെയ്ത തീയതി | കൈപ്പറ്റിയ തുക | അധികം കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1 | വി.സുശീല, അസിസ്റ്റന്റ്സെക്രട്ടറി | 10.07.14 | 250 | 50 |
| 2 | " | 11.07.14 | 250 | 50 |
| 3 | " | 05.08.14 | 250 | 50 |
| 4 | " | 19.08.14 | 250 | 50 |
| 5 | " | 23.08.14 | 250 | 50 |
| 6 | " | 28.08.14 | 250 | 50 |
| 7 | " | 17.09.14 | 250 | 50 |
| 8 | " | 18.09.14 | 250 | 50 |
| 9 | " | 19.09.14 | 250 | 50 |
| 10 | " | 23.09.14 | 250 | 50 |
| 11 | " | 13.10.14 | 250 | 50 |
| 12 | " | 21.10.14 | 250 | 50 |
| 13 | " | 11.11.14 | 250 | 50 |
| 14 | " | 12.11.14 | 250 | 50 |
| 15 | " | 20.11.14 | 250 | 50 |
| 16 | " | 24.11.14 | 250 | 50 |
| 17 | " | 25.11.14 | 250 | 50 |
| 18 | " | 05.12.14 | 250 | 50 |
| 19 | " | 09.12.14 | 250 | 50 |
| 20 | " | 11.12.14 | 250 | 50 |
| 21 | " | 16.12.14 | 250 | 50 |
| 22 | " | 19.12.14 | 250 | 50 |
| 23 | " | 22.12.14 | 250 | 50 |
| 24 | " | 06.01.15 | 250 | 50 |
| 25 | " | 13.01.15 | 250 | 50 |
| 26 | " | 15.01.15 | 250 | 50 |
| 27 | " | 24.01.15 | 250 | 50 |
| 28 | " | 02.02.15 | 250 | 50 |
| 29 | " | 04.02.15 | 250 | 50 |
| 30 | " | 13.02.15 | 250 | 50 |
| 31 | " | 25.02.15 | 250 | 50 |
| 32 | " | 04.03.15 | 250 | 50 |
| 33 | " | 11.03.15 | 250 | 50 |
| 34 | രാധാകൃഷ്ണക്കുറുപ്പ്,ഹെഡ് ക്ലാർക്ക് | 16.02.15 | 250 | 50 |

| | | | | |
|---|---|---|---|---|
| 35 | " | 19.02.15 | 250 | 50 |
| | ആകെ | | | 1750 |

ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ, ടി തുക കൈപ്പറ്റിയ ഉദ്യോഗസ്ഥരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-3 സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

2015-16 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

| ക്രമ നം | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | തുക | ചെലവിന്റെ വിശദാംശം | ലഭ്യമാക്കാത്ത രേഖകൾ |
|---|---|---|---|---|---|
| 1 | 174/16 | അങ്കനവാടികൾക്ക് ഇലക്ട്രിഫിക്കേഷൻ | 337500 | ട്രഷറി ബിൽ നം.44/16 തീയതി 31.03.2016 | കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം |
| 2 | 175/16 | വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ ഇലക്ട്രിഫിക്കേഷൻ | 193341 | ട്രഷറി ബിൽ നം.19/15 തീയതി 28.10.2015<br>ഡി.ഡി.നം. 670264 തീ.29.10.2015 | വിനിയോഗ സാക്ഷ്യപത്രം |
| | | ആകെ | 530841 | | |

രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-4 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച പദ്ധതികൾ വിനിയോഗ വിവരം ലഭ്യമല്ല ചെലവ് തടസ്സപ്പെടുത്തുന്നു

1).പ്രോജക്ട് നം. 84

പ്രോജക്ടിന്റെ പേര്: ജപ്പാൻ കുടിവെള്ള പദ്ധതി ഗാർഹിക കണക്ഷൻ (എസ്.സി) വാട്ടർ അതോറിറ്റിയിൽ മുൻകൂർ പണം അടക്കുന്നതിന്.

അടങ്കൽ:വികസന ഫണ്ട് - 14,13,000/- രൂപ

ചെലവ്: 14,13,000/- രൂപ (ട്രഷറി ബിൽ നം.14/16 തീയതി 17.10.2015)

നിർവ്വഹണം: അസിസ്റ്റന്റ് സെക്രട്ടറി

ഈ പദ്ധതിയുടെ നിർവ്വഹണത്തിനായി കേരള വാട്ടർ അതോറിറ്റി ആലപ്പുഴ പി.എച്ച് ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേർക്ക് 14,13,000/-രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് (നം.560956 തീയതി, 28.03.2016) നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായിട്ടും ഈ പദ്ധതി പൂർത്തീകരിച്ചതായി കാണുന്നില്ല. ഈ പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കും വരെ ചെലവു തുക തടസ്സപ്പെടുത്തുന്നു.

2).പ്രോജക്ട് നം. 198

പ്രോജക്ടിന്റെ പേര്: ഐ.എ.വൈ അധിക സഹായം(എസ്.സി)

അടങ്കൽ:വികസന ഫണ്ട് - 16,10,000/- രൂപ

ചെലവ്: 16,10,000/- രൂപ (ട്രഷറി ബിൽ നം.15/16 തീയതി 17.10.2015-5,91,300/-
(ട്രഷറി ബിൽ നം.16/16 തീയതി 17.10.2015 -10,18,700/-)

ഈ പദ്ധതിയുടെ നിർവ്വഹണത്തിനായി പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേർക്ക് 16,10,000/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് (നം.560957 തീയതി. 28.03.2016,560958 തീയതി, 28.03.2016) നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായിട്ടും ഈ പദ്ധതി പൂർത്തീകരിച്ചതായി കാണുന്നില്ല. ഈ പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകും വരെ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 3-5 കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം അടവാക്കൽ - പൊതു ടാപ്പുകളുടെ എണ്ണം ഉറപ്പു വരുത്തുന്നില്ല.

പ്രോജക്ട് നം.എസ്0010/2016

കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം അടവാക്കൽ

നിർവ്വഹണം- സെക്രട്ടറി

അടങ്കൽ - മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) -14,23,588/- രൂപ

ചെലവ് - 14,11,381/- രൂപ

| ട്രഷറി ബിൽ നം | കാഷ് ചെയ്ത തീയതി | തുക |
|---|---|---|
| 1/2015-16 | 23.07.2015 | 101938 |
| 7/2015-16 | 30.07.2015 | 318939 |
| 9/2015-16 | 24.08.2015 | 123813 |
| 16/2015-16 | 28.09.2015 | 123813 |
| 18/2015-16 | 28.10.2015 | 123813 |
| 20/2015-16 | 25.11.2015 | 123813 |
| 21/2015-16 | 19.12.2015 | 123813 |
| 23/2015-16 | 28.01.2016 | 123813 |
| 41/2015-16 | 23.03.2016 | 123813 |
| 46/2015-16 | 31.03.2016 | 123813 |
| | ആകെ | 14,11,381 |

വയലാർ ഗ്രാമപഞ്ചായത്തിൽ 2015-16 സാമ്പത്തിക വർഷം കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരം ഇനത്തിൽ മേൽ ബില്ലുകൾ പ്രകാരം ആകെ 14,11,381/- രൂപ നല്കിയിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റി പബ്ലിക് ഹെൽത്ത് ഡിവിഷൻ, ആലപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 06.06.2015-ലെ 2110/LSG/1 നമ്പർ ബിൽ പ്രകാരം 01.06.2015-ൽ പഞ്ചായത്തിൽ നിലവിലുള്ള ടാപ്പുകളുടെ എണ്ണം 233 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. 08.07.2015-ലെ 2110/LSG/1 നമ്പർ ബിൽ പ്രകാരം 01.07.2015-ൽ പഞ്ചായത്തിൽ നിലവിലുള്ള ടാപ്പുകളുടെ എണ്ണം 263 ആയും 07.08.2015-ലെ 2110/LSG/1 നമ്പർ ബിൽ പ്രകാരം 01.08.2015-ൽ പഞ്ചായത്തിൽ നിലവിലുള്ള പൊതു ടാപ്പുകളുടെ എണ്ണം 283 ആയും വർദ്ധിച്ചിരിക്കുന്നു. ഇപ്രകാരം വർദ്ധിപ്പിച്ച പൊതു ടാപ്പുകളുടെ വിശദാംശം വാട്ടർ അതോറിറ്റി പഞ്ചായത്തിൽ അറിയിച്ചിട്ടുണ്ടോയെന്നന്വേഷിച്ചു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6 തീയതി, 26.11.2016) നല്കിയ മറുപടിയിൽ 26 ടാപ്പുകൾ പഞ്ചായത്ത് കമ്മറ്റിയുടെ നിർദ്ദേശാനുസരണം സ്ഥാപിച്ചവയാണെന്നും ബാക്കിയുള്ളവയുടെ വിശദാംശം വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കി തരാമെന്നും പറഞ്ഞിരിക്കുന്നു. പൊതു ടാപ്പുകളുടെ എണ്ണം നിർണയിക്കാൻ വാട്ടർ അതോറിറ്റിയുമായി ചേർന്ന് 2012നു ശേഷം സംയുക്ത പരിശോധന നടത്തിയിട്ടില്ലായെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

വാട്ടർ അതോറിറ്റിയിൽ വെള്ളക്കരം ഒടുക്കുമ്പോൾ ബില്ലിൽ അവകാശപ്പെടുന്നത്രയും ടാപ്പുകൾ പഞ്ചായത്തിൽ ഉണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ആവശ്യമായ മേൽനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 മീഡിയാശ്രീ ഡോക്യുമെന്റേഷൻ- ഡോക്യുമെന്ററി ചിത്രത്തിന്റെ പകർപ്പ് ലഭ്യമായില്ല.

പ്രോജക്ട് നം.എസ്.0162/16

പ്രോജക്റ്റിന്റെ പേര്: മീഡിയാശ്രീ ഡോക്യുമെന്റേഷൻ

അടങ്കൽ: വികസന ഫണ്ട് - 65000/- രൂപ

ചെലവ്: 65000/- രൂപ (ട്രഷറി ബിൽ നം.2/2015 തീയതി.23.07.2015)

ഡി.ഡി.നം.142575 തീയതി. 30.07.2015

കുടുംബശ്രീ സംസ്ഥാന മിഷൻ നടത്തുന്ന മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി വയലാർ ഗ്രാമ പഞ്ചായത്തിനെ സംബന്ധിക്കുന്ന ഡോക്യുമെന്ററി തയ്യാറാക്കുന്നതിനായി 65,000/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് കുടുംബശ്രീ ആലപ്പുഴ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് അയച്ചു നല്കിയിട്ടുണ്ട്. ടി തുക കൈപ്പറ്റിയതായി കാണിച്ച് 12.08.2015-ൽ രസീതും നല്കിയിട്ടുണ്ട്. ഡോക്യുമെന്ററി ചിത്രത്തിന്റെ പകർപ്പ് നാളിതുവരെയായിട്ടും പഞ്ചായത്തിൽ ലഭ്യമായിട്ടില്ല. ഡോക്യുമെന്ററിയുടെ പകർപ്പ് ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടുണ്ടെങ്കിൽ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8 തീയതി26.11.2016) നല്കിയ മറുപടിയിൽ ചിത്രം ലഭ്യമായില്ലായെന്നറിയിച്ചു. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 സാമൂഹ്യ സുരക്ഷാമിഷന് സംഭാവന - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രോജക്ട് നം.എസ്.04/16

പ്രോജക്റ്റിന്റെ പേര്: സാമൂഹ്യ സുരക്ഷമിഷന് സംഭാവന

അടങ്കൽ: വികസന ഫണ്ട് - 2,00,000/- രൂപ

ചെലവ്: 2,00,000/- രൂപ(ട്രഷറി ബിൽ നം.6/2015-16 തീയതി, 23.09.2015)

ഡി.ഡി.നം.141385 തീയതി, 28.07.2015

തദ്ദേശ സ്വയംഭരണ(എഫ്.എം) വകുപ്പിന്റെ 06.05.2013-ലെ സർക്കാർ ഉത്തരവ്(സാധാരണ)നം.1209/2013/ത.സ്വ.ഭ.വ പ്രകാരം സംസ്ഥാനത്തെ അവശതയനുഭവിക്കുന്ന വിവിധ ജനവിഭാഗങ്ങളുടെ ക്ഷേമത്തിനായി കേരള സാമൂഹ്യ സുരക്ഷ മിഷൻ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതികളുടെ നടത്തിപ്പിലേക്കായി ഗ്രാമപഞ്ചായത്തുകൾ അഞ്ച് ലക്ഷം രൂപ എല്ലാ വർഷവും സംഭാവനയായി നല്കുന്നതിന് യഥേഷ്ടാനുമതി നല്കി ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം വയലാർ ഗ്രാമപഞ്ചായത്തിൽ നിന്നും 2015-16 സാമ്പത്തിക വർഷം മേൽ ഡി.ഡി. പ്രകാരം രണ്ട് ലക്ഷം രൂപ എക്സിക്യൂട്ടീവ് ഡയറക്ടർ കേരള സാമൂഹ്യ സുരക്ഷ മിഷൻ പേർക്ക് അയച്ചു കൊടുത്തിട്ടുണ്ട്. മേൽ ഉത്തരവിലെ 6-ാം ഖണ്ഡികയിൽ കേരള സാമൂഹ്യ സുരക്ഷ മിഷൻ സംഭാവന നല്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനവിനിയോഗ സാക്ഷ്യപത്രം നല്കേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8 തീയതി 26.11.2016)ധനവിനിയോഗ സാക്ഷ്യപത്രം സാമൂഹ്യ സുരക്ഷ മിഷനിൽ നിന്നും ലഭ്യമായില്ലായെന്നറിയിച്ചു. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 പ്രധാനാധ്യാപിക നിർവ്വഹണം നടത്തിയ പദ്ധതികൾ -അപാകതകൾ

1). ക്ലബുക്കൾക്ക് സ്പോർട്സ് കിറ്റ് വിതരണം

പ്രോജക്ട് നം. - എസ് 0030/16

അടങ്കൽ തുക – 64,000/-(വികസന ഫണ്ട്)

ചെലവ് തുക – 64,000/-

ബിൽ നം.03/15-16

തീയതി - 30.03.16

ടി പ്രോജക്ട് പ്രകാരം, അംഗീകാരം/രജിസ്ട്രേഷൻ ഉള്ള 16ക്ലബുകൾക്കാണ് സ്പോർട്സ് കിറ്റുകൾ വിതരണം ചെയ്യേണ്ടത്. എന്നാൽ, ഇവയിൽ 15ക്ലബുകളുടെ അംഗീകാര സാക്ഷ്യപ്പത്രം മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. സ്പോർട്സ് കിറ്റ് കൈപ്പറ്റിയ എ.കെ.ജി സ്പോർട്സ് ക്ലബിന്റെ അംഗീകാരം/രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട്

നല്കിയ ഓഡിറ്റ് അന്വേഷണത്തിന് നല്കിയ മറുപടിയിൽ രേഖകൾ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ, ടി ക്ലബിന് നല്കിയ സ്പോർട്സ് കിറ്റിന്റെ വിലയായ ഓഡിറ്റിൽ 4,000/-രൂപ തടസ്സപ്പെടുത്തുന്നു.

2). എസ്.എസ്.എ വിഹിതം

പ്രോജക്ട് നം. - എസ് 0031/16

അടങ്കൽ തുക – 3,00,000/-(വികസന ഫണ്ട്)

ചെലവ് തുക – 3,00,000/-

ബിൽ നം.- 01/15-16

തീയതി - 13.08.15

ടി പ്രോജക്ടിനായി ചെലവഴിച്ച 3,00,000/-രൂപ 25.08.15ൽ എസ്.എസ്.എ പ്രോഗ്രാം ഓഫീസർ കൈപ്പറ്റിയതിന്റെ രേഖ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്. എന്നാൽ ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ ടി ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ആകെ തടസ്സപ്പെടുത്തിയ തുക 3,04,000/-)

## 3-9 വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

1). പ്രോജക്ട് നം.135/16

പ്രോജക്ടിന്റെ പേര് : കന്നുകുട്ടി പരിപാലനം

കന്നുകുട്ടി പരിപാലനം പ്രോജക്ടിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് 2,50,000/- രൂപ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടർ, ആലപ്പുഴ പേർക്ക് നല്കിയിട്ടുണ്ട്.(ട്രഷറി ബിൽ നം.5 തീയതി.31.03.2016) എന്നാൽ ടി തുകയുടെ വിനിയോഗം സംബന്ധിച്ച് സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഇത് സംബന്ധിച്ച ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2). പ്രോജക്ട് നം.140/16

പ്രോജക്ടിന്റെ പേര് : കറവപ്പശു(ജനറൽ)

കറവപ്പശുവിനെ വാങ്ങുന്നതിനായി ഒരു ഗുണഭോക്താവിന് 10,000/-രൂപ സബ്സിഡി ഇനത്തിൽ 12 ഗുണഭോക്താക്കൾക്ക് 1,20,000/-രൂപ ചെലവഴിച്ചിരിക്കുന്നു(ട്രഷറി ബിൽ നം.3 തീയതി, 31.03.2016). പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ നിർദ്ദേശ പ്രകാരം പശുവിനെ വിൽക്കുന്നയാളിന്റെ പേരിലാണ് ഡിമാന്റ് ഡ്രാഫ്റ്റ് നല്കേണ്ടത്. എന്നാൽ ഇതിനു വിരുദ്ധമായി പശുവിനെ വാങ്ങിയ ഗുണഭോക്താവിന്റെ പേരിലാണ് ഡിമാന്റ് ഡ്രാഫ്റ്റ് നല്കിയിരിക്കുന്നത്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 പദ്ധതിപ്പണം തിരിച്ചടക്കൽ ശീർഷകം മാറിയത് സംബന്ധിച്ച്

വൗച്ചർ നം.21501133 തീയതി.30.03.2016

ചെക്ക് നം.1604512 തീയതി. 30.03.2016

വിവിധ ഇലക്ട്രിഫിക്കേഷൻ പ്രവർത്തികൾക്കായി 2013-14 സാമ്പത്തിക വർഷം പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ ഡിവിഷനിൽ നിക്ഷേപിച്ച തുകകളിൽ പ്രവർത്തിക്കു ശേഷം അവശേഷിച്ചിരുന്ന തുകകൾ തിരുവനന്തപുരം പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെപ്പറയും പ്രകാരം പഞ്ചായത്തിൽ തിരിച്ചടച്ചിട്ടുണ്ട്.

| ക്രമ നം | പ്രവർത്തിയുടെ പേര് | തിരിച്ചടച്ച തുക (രൂപ) | ചെക്ക് നം./ തീയതി |
|---|---|---|---|
| 1 | സിദ്ധ ആശുപത്രിയുടെ ഇലക്ട്രിഫിക്കേഷൻ | 7497 | GJ3977616/ 16.05.2015 |
| 2 | 8-ാം വാർഡിലെ മൈക്രോ മാനേജ്മെന്റ് കുടിവെള്ള പദ്ധതിക്കായുള്ള കെട്ടിടത്തിന്റെ വൈദ്യുതീകരണം | 17012 | GJ3038042/ 17.07.2015 |

| | | | |
|---|---|---|---|
| | ആകെ | 24509 | |

ഇതിൽ തനത് ഫണ്ടിൽ നിന്നും നല്കിയിരുന്ന 4274/- രൂപ ഒഴികെയുള്ള 20235/- രൂപ പ്ലാൻ ഫണ്ടിലേക്ക് തിരിച്ചടച്ചിരിക്കുന്നു.

സർക്കാർ ഉത്തരവ് നം.177/2006 ഫിൻ തീയതി 12.04.2006 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ടുകൾ പിൻവലിക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാർഗരേഖയിലെ ഖണ്ഡിക 10.3 പ്രകാരം മുൻവർഷങ്ങളിൽ പിൻവലിക്കപ്പെട്ട കാറ്റഗറി എ,ബി,സി ഇനത്തിൽപ്പെട്ട ഫണ്ടുകൾ തിരിച്ചടക്കമ്പോൾ അതേ ശീർഷകത്തിൽ “911-Deduct Recoveries of Over Payments” എന്ന് ചേർത്ത് വേണം തിരിച്ചടക്കാൻ. എന്നാൽ മേൽ തുക തിരികെ ഒടുക്കിയിരിക്കുന്നത് പിൻവലിക്കപ്പെട്ട അതേ ശീർഷകത്തിൽ “911-Deduct Recoveries of Over Payments” എന്ന് ചേർക്കാതെയാണ്. തിരിച്ചടവ് യഥാർത്ഥ ശീർഷകത്തിലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-11 ഓണം അഡ്വാൻസ് തിരികെ ഈടാക്കിയില്ല

2013-14 സാമ്പത്തിക വർഷം താഴെപ്പറയുന്ന വൗച്ചർ പ്രകാരം വയലാർ ഗ്രാമ പഞ്ചായത്തിലെ സീനിയർ ക്ലർക്കായിരുന്ന ശ്രീ.പി.മേഘനാഥൻ- ന് 10,000/- രൂപ ഓണം അഡ്വാൻസ് നല്കിയിട്ടുണ്ട് (വൗച്ചർ നം.21300433 തീയതി.13.09.2013

ചെക്ക് നം.1417484 തീയതി, 13.09.2013).

അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഈ തുകയിൽ 2000/- രൂപ മാത്രമെ നാളിതു വരെയായും തിരിച്ചടച്ചതായി കാണുന്നുള്ളൂ. ഗ്രാമ പഞ്ചായത്തിന്റെ 2015-16 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം ഈ തുക ഉൾപ്പെടെ 18,000/- രൂപ കിട്ടാനുള്ളതായി കാണിച്ചിരിക്കുന്നു. ഇതിൽ 10,000/- രൂപ 2016-17 സാമ്പത്തിക വർഷം ലഭ്യമായിട്ടുണ്ട്. സർക്കാർ ഉത്തരവ് നം.431/2013/ഫിൻ തീയതി.05.09.2013 പ്രകാരമാണ് ടിയാന് ഓണം അഡ്വാൻസ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവ് പ്രകാരം അഞ്ച് തുല്യ പ്രതിമാസ ഗഡുക്കളായി അഡ്വാൻസ് തുക തിരികെ ഈടാക്കേണ്ടതായിരുന്നു. എന്നാൽ അഡ്വാൻസ് തുകയിൽ 8,000/- രൂപ നാളിതുവരെയായും തിരിച്ചടച്ചതായി കാണുന്നില്ല. ടിയാൻ 11.09.2013-ൽ കൈനകരി ഗ്രാമ പഞ്ചായത്തിലേക്ക് സ്ഥലം മാറി പോയിട്ടുണ്ട്. തുക തിരികെ ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 ഐ.ടി.ഐ-ക്ക് സ്ഥലം ലഭ്യമാക്കിയില്ല- വാടകയിനത്തിൽ ഭീമമായ തുക ചെലവഴിക്കുന്നു

വയലാർ ഗ്രാമപഞ്ചായത്തിൽ പുതിയതായി ഒരു ഗവൺമെന്റ് ഐ.റ്റി.ഐ അനുവദിപ്പിക്കുവാൻ 04.01.2010-ൽ ചേർന്ന പഞ്ചായത്ത് കമ്മറ്റിയിൽ തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 05.01.2010-ൽ വ്യവസായിക പരിശീലന വകുപ്പ് ഡയറക്ടറുമായി പഞ്ചായത്ത് സെക്രട്ടറി കരാറിൽ ഏർപ്പെടുകയും ഐ.റ്റി.ഐ-ക്ക് ആവശ്യമായ സ്ഥലവും കെട്ടിടവും ഫർണീച്ചർ അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ പഞ്ചായത്ത് സ്വന്തം ചെലവിൽ നല്കിക്കൊള്ളാമെന്ന് ഉറപ്പ് നല്കുകയും ചെയ്തു. തുടർന്ന് 06.08.2010-ലെ ജി.ഒ(എം.എസ്)നം.91/2010/എൽ.ബി.ആർ നമ്പർ പ്രകാരം വയലാർ ഗ്രാമ പഞ്ചായത്തിനുൾപ്പെടെ 15 ഗവൺമെന്റ് ഐ.റ്റി.ഐ കൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ 4-ാം ഖണ്ഡികയിൽ ഐ.റ്റി.ഐ-ക്ക് ആവശ്യമായ സ്ഥലവും കെട്ടിടവും ഫർണീച്ചർ അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനം സ്വന്തം ചെലവിൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കിയതിനു ശേഷം മാത്രമേ പ്രവർത്തനം ആരംഭിക്കാവൂയെന്ന് പറഞ്ഞിരിക്കുന്നു. വയലാർ ഗ്രാമപഞ്ചായത്ത് ഐ.റ്റി.ഐ ആരംഭിക്കുന്നതിനുള്ള സ്ഥല സൗകര്യം ഒരുക്കാതിരുന്നതിനാൽ കളവംകോടം സർവ്വീസ് സഹകരണ ബാങ്ക് വക കെട്ടിടം 01.10.2010 മുതൽ വാടകയ്ക്കെടുത്ത് പ്രവർത്തനം ആരംഭിച്ചു. ആലപ്പുഴ പി.ഡബ്ല്യൂ.ഡി ബിൽഡിംഗ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 23.03.2012-ലെ 11/ഇ.ഇ/11-12 നമ്പർ റെന്റ് സർട്ടിഫിക്കറ്റ് പ്രകാരം 35,631/-രൂപ പ്രസ്തുത കെട്ടിടത്തിന് പ്രതിമാസ വാടക നിശ്ചയിച്ച് നല്കി. തദ്ദേശ സ്വയംഭരണ(എഫ്.എം) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 05.09.2012-ലെ 44353/എഫ്.എം2/2012/ത.സ്വ.ഭ.വ നമ്പർ കത്തിൽ "ഐ.റ്റി.ഐ ഗ്രാമപഞ്ചായത്തിന് വിട്ടു കിട്ടിയ സ്ഥാപനമല്ല. അതിനാൽ വാടക നല്കുന്നത് അനുവദനീയമല്ല.എന്നാൽ ഗ്രാമപഞ്ചായത്ത് വ്യവസായ പരിശീലന വകുപ്പുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്ന കാരണത്താൽ 31.03.2013 വരെയുള്ള വാടക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നല്കാൻ പ്രത്യേക അനുവാദം നല്കുന്നു. പ്രസ്തുത കാലയളവിനുള്ളിൽ വ്യവസായ പരിശീലന വകുപ്പ് കെട്ടിടം പണിതിരിക്കണം അല്ലെങ്കിൽ തുടർന്ന് പ്രസ്തുത വാടക വ്യവസായിക പരിശീലന വകുപ്പ് നല്കേണ്ടതാണ്." എന്ന് വ്യക്തമാക്കിയിരിക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഐ.റ്റി.ഐ നടത്തുന്നതിനാവശ്യമായ സ്ഥലവും കെട്ടിടവും ഒരുക്കുന്നതിൽ വീഴ്ച വരുത്തുകയും കാലാകാലങ്ങളിൽ വാടക തനത് ഫണ്ടിൽ നിന്നും നല്കുന്നതിനുള്ള അനുമതി

ദീർഘിപ്പിച്ച് നേടുകയും ചെയ്തു കൊണ്ടിരിക്കുന്നു.

01.10.2010 മുതൽ 31.03.2016 വരെ വാടകയിനത്തിൽ 23,51,646/- രൂപ (66മാസംx35631)ചെലവഴിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശിച്ച സമയപരിധിക്കുള്ളിൽ(31.03.2013-ൽ) ഐ.റ്റി.ഐ-ക്ക് ആവശ്യമായ സ്ഥലം കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിരുന്നെങ്കിൽ വാടകയിനത്തിൽ നല്കിയ 12,82,716/- രൂപയുടെ (01/2013 മുതൽ 03/2016 വരെ) ചെലവ് ഒഴിവാക്കാമായിരുന്നു. നാളിതുവരെയായിട്ടും ഇതിന് ഒരു പരിഹാരം ആവാത്തതിനാൽ പ്രസ്തുത ചെലവ് അനുസ്യൂതം തുടർന്ന് കൊണ്ടേയിരിക്കുന്നു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 24.02.2016-തീയതിയിലെ 3-20 നമ്പർ തീരുമാന പ്രകാരം ഐ.റ്റി.ഐ കെട്ടിട നിർമാണത്തിന് സ്ഥലം വാങ്ങുന്നതിന് പ്ലാൻ ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ട്. ഇതിനായി വികസന ഫണ്ടിൽ നിന്നും ചെലവാകുന്ന തുകയ്ക്ക് സമമായ തുക 5 വർഷം കൊണ്ട് തനത് ഫണ്ടിൽ നിന്നും വികസന പ്രോജക്റ്റുകൾക്കായി നീക്കിവെക്കണമെന്ന നിർദ്ദേശവും നല്കിയിട്ടുണ്ട്. മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2016-17 സാമ്പത്തിക വർഷം ഐ.റ്റി.ഐ-ക്ക് സ്ഥലം വാങ്ങുന്നതിന് പ്രോജക്ട് ആവിഷ്കരിച്ചിട്ടുള്ളതായി സെക്രട്ടറി അറിയിച്ചു.

ഐ.റ്റി.ഐ-ക്ക് ആവശ്യമായ സ്ഥലം വാങ്ങി സർക്കാർ അനുമതിയോടു കൂടി കെട്ടിടവും ഫർണീച്ചർ അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തി വാടകയിനത്തിലുള്ള അധികച്ചെലവ് ഒഴിവാക്കാനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-13 കടുങ്ങാത്തുരുത്ത് പ്ലാശ്ശേരി ഇലക്ട്രിക് ലൈൻ എക്സ്റ്റെൻഷൻ ഉദ്യോഗസ്ഥരുടെ അലംഭാവം 1,26,148/-രൂപ അധികച്ചെലവ്

പ്രോജക്ട് നം.എസ്0142/16

കടുങ്ങാത്തുരുത്ത് പ്ലാശ്ശേരി ഇലക്ട്രിക് ലൈൻ എക്സ്റ്റെൻഷൻ

അടങ്കൽ - വികസന ഫണ്ട്- 1,26,148/- രൂപ

ചെലവ്-

1,26,148/- രൂപട്രഷറി ബിൽ നം.22/16 തീയതി. 31.03.2016

ഡി.ഡി നം.563236 തീയതി 18.04.2016
നിർവ്വഹണം- അസിസ്റ്റന്റ് സെക്രട്ടറി

2015-16 സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി മേൽ പദ്ധതിക്കായി 1,26,148/- രൂപ ചേർത്തല ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിൽ നിക്ഷേപിച്ചിട്ടുണ്ട്.

കടുങ്ങാത്തുരുത്ത് പ്ലാശ്ശേരി ഇലക്ട്രിക് ലൈൻ എക്സ്റ്റെൻഷന് വേണ്ടി 2009-10 സാമ്പത്തിക വർഷം 156-ാം നമ്പറായി പ്രോജക്ട് ഏറ്റെടുത്തിരുന്നു. ചേർത്തല ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ DB1-5/2009-10/CWD-135 നമ്പർ ഉത്തരവിനോടൊപ്പം 1,99,949/-രൂപയുടെ എസ്റ്റിമേറ്റ് നല്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതിയിൽ പെടുത്തി 1,99,949/-രൂപ പിൻവലിച്ച് (ട്രഷറി ബിൽ നം.41/09-10 തീയതി 30.03.2010) ചേർത്തല എസ്.ബി.റ്റി യിൽ നിന്നുള്ള 06.05.2010-ലെ 264494 നമ്പർ ഡിമാന്റ് ഡ്രാഫ്റ്റാക്കി പഞ്ചായത്തിൽ സൂക്ഷിച്ചു. ഈ തുക യഥാസമയം ചേർത്തല ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറിയില്ല. ഡി.ഡി.യുടെ കാലാവധി കഴിഞ്ഞതിനാൽ ബാങ്കിൽ നിന്നും റീവാലിഡേറ്റ് ചെയ്ത് പുതുക്കിയ ഡിമാന്റ് ഡ്രാഫ്റ്റെടുത്ത് (നം.965996 തീയതി.01.01.2014) 07.03.2014-ലെ സി.1-1697/10 നമ്പർ കത്ത് പ്രകാരം ചേർത്തല കെ.എസ്.ഇ.ബി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറി. തുക കൈമാറാൻ കാലതാമസം നേരിട്ടതിനാൽ ചേർത്തല ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 01.10.2015-ലെ കത്ത് പ്രകാരം ഈ പദ്ധതിക്ക് 3,26,097/- രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് നല്കുകയുണ്ടായി. പ്രസ്തുത ഡിമാന്റ് ഡ്രാഫ്റ്റ് നിർവ്വഹണ ഏജൻസിക്ക് യഥാസമയം കൈമാറിയിരുന്നെങ്കിൽ 1,99,949/- രൂപയ്ക്ക് പൂർത്തീകരിക്കാനാവുമായിരുന്ന പ്രവർത്തി, ഉദ്യോഗസ്ഥരുടെ അലംഭാവം മൂലം 1,26,148/- രൂപയുടെ അധികച്ചെലവിന് വഴിവെച്ചു. ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി അധികം ചെലവായ 1,26,148/- രൂപ യഥാസമയം ഡിമാന്റ് ഡ്രാഫ്റ്റ് നിർവ്വഹണ ഏജൻസിക്ക് കൈമാറുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാൻ ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു.

## 3-14 തൊഴിലുറപ്പ് പദ്ധതി

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികൾ (18 വയസ്സിനു മുകളിൽ) ഉള്ള ഒരു

കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണിത്. 2015-16 വർഷത്തെ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.രജിസ് ട്രേഷൻ, തൊഴിൽ ദിനങ്ങൾ എന്നിവയുടെ വിവരം

| | |
|---|---|
| തൻവർഷം രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 99 |
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 4254 |
| തൊഴിലിനപേക്ഷ നൽകിയ കുടുംബങ്ങളുടെ എണ്ണം | 2392 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2392 |
| ആകെ തൊഴിൽ ദിനങ്ങൾ | 179209 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ചവരുടെ എണ്ണം | 917 |

2). ഏറ്റെടുത്ത പദ്ധതികളുടെ വിവരങ്ങൾ

| | |
|---|---|
| ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | 436 |
| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 430 |
| തൻവർഷം പൂർത്തിയാക്കിയത് | 423 |
| സ്പിൽ ഓവറായി നടപ്പാക്കിയത് | -- |
| ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം | 7 |

III) വിവിധ മേഖലകളിലെ പ്രവൃത്തികളുടെ വിശദ വിവരം

| ക്രമ നം. | ഇനവിവരം | പ്രവൃത്തികളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | ഭൂവികസന പ്രവർത്തനങ്ങൾ | 201 | 16897201 |
| 2 | വെള്ളപ്പൊക്ക നിയന്ത്രണം | 48 | 8439491 |
| 3 | ജലസംരക്ഷണം | 49 | 5670608 |
| 4 | ഐ.എ.വൈ- വീട് | 125 | 674880 |
| | ആകെ | 423 | 31682180 |

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക ന്യൂനതകൾ

1). വസ്തു നികുതി(കുടിശ്ശിക), വസ്തു നികുതി(തൻവർഷം), ഡി ആന്റ് ഒ ലൈസൻസ് എന്നിവയുടെ വാർഷിക കണക്ക് പ്രകാരമുള്ള ഡി.സി.ബി തുകകളും രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന ഡി.സി.ബി തുകകളും പൊരുത്തപ്പെടുന്നില്ല.

2). ആസ്തി രജിസ്റ്റർ പ്രകാരമുള്ള മുഴുവൻ ആസ്തികളുടെയും മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമനം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 1,11,900 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 1,11,900 | - |
| 2 | ജില്ലാ പഞ്ചായത്ത് | 2015-16 | 1,11,900 | " | - | 1,11,900 |
| 3 | ജില്ലാ സോഷ്യൽ ജസ്റ്റിസ് ഓഫീസർ | 2015-16 | 1,23,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (170/16) | 1,23,000 | 0 |
| 4 | ജില്ലാ കോ-ഓർഡിനേറ്റർ ശുചിത്വ മിഷൻ | 2015-16 | 15,60,000 | കക്കൂസ് നിർമ്മാണം (ജനറൽ) 157/16 | 14,28,000 | 1,32,000 |
| | | | | കക്കൂസ് നിർമ്മാണം (എസ്.സി) 157/17 | | |
| 5 | സി.ഡി.പി.ഒ. പട്ടണക്കാട് | 2014-15 | 3,94,275 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (34/16) | 3,19,869 | 74,406 |
| | | 2015-16 | 3,94,276 | അങ്കണവാടി പോഷകാഹാര വിതരണം (35/16) | - | 3,94,276 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ ഡിവിഷൻ,ആലപ്പുഴ | വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ ഇലക്ട്രിഫിക്കേഷൻ | 1,93,341 | - | - |
| പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ ഡിവിഷൻ,തിരുവനന്തപുരം | അങ്കനവാടികൾക്ക് ഇലക്ട്രിഫിക്കേഷൻ | 3,37,500 | - | - |

| | | | | |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി പി.എച്ച് ഡിവിഷൻ, ആലപ്പുഴ | ജപ്പാൻ കുടിവെള്ള പദ്ധതി ഗാർഹിക കണക്ഷൻ (എസ്.സി) വാട്ടർ അതോറിറ്റിയിൽ മുൻകൂർ പണം അടവാക്കൽ | 14,13,000 | - | - |
| കെ.എസ്.ഇ.ബി,പട്ടണക്കാട് | കട്ടുങ്ങാത്തുരുത്ത് പ്ലാശ്ശേരി ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ | 1,26,148 | - | - |

## 4-4 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്.ഭവന പദ്ധതി | 747/10 /എൽ.എസ്.ജി.ഡി, തീയതി-05.02.2010 | | 12,90,000 | 12,90,000 | 1,72,468 | - |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 3000/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1997-98 | 10 | 3000 | കാർത്ത്യായനി,സീനിയർ സൂപ്രണ്ട് | 11503101773/ 10.12.15 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 40015638 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 48624729 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 300 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 2281 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 43,72,841 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 300 | | പി.ഡി.ജോഷി,സെക്രട്ടറി |
| 3-1 | | 531 | വി.സുശീല, അസിസ്റ്റന്റ് സെക്രട്ടറി |
| 3-2 | | 1750 | വി.സുശീല, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 300 | 2281 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 5,30,841 | പി.ഡി.ജോഷി,സെക്രട്ടറി |
| 3-4(1) | 14,13,000 | വി.സുശീല,അസിസ്റ്റന്റ് സെക്രട്ടറി |
| 3-4(2) | 16,10,000 | വി.സുശീല,അസിസ്റ്റന്റ് സെക്രട്ടറി |
| 3-6 | 65,000 | പി.ഡി.ജോഷി,സെക്രട്ടറി |
| 3-7 | 2,00,000 | പി.ഡി.ജോഷി,സെക്രട്ടറി |
| 3-8 | 3,04,000 | എസ്.അനിത,പ്രധാനാധ്യാപിക |
| 3-9 | 2,50,000 | ഡോ.ആര്യ അൽഫോൺസ്,വെറ്ററിനറി സർജൻ |
| ആകെ | 43,72,841 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖ. 2-1

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.ഡി.ജോഷി,സെക്രട്ടറി | സെക്രട്ടറി,വയലാർ ഗ്രാമ പഞ്ചായത്ത് | പുത്തൻപുരയിൽ,വാരനാട്.പി.ഒ, ചേർത്തല |

| | | |
|---|---|---|
| വി.സുശീല,<br>അസിസ്റ്റന്റ് സെക്രട്ടറി | വിരമിച്ചു | ദേവസ്വം തയ്യിൽ,മാരാരിക്കുളം നോർത്ത്.പി.ഒ,ആലപ്പുഴ |
| എസ്.അനിത,<br>പ്രധാനാധ്യാപിക | എച്ച്.എം.ഗവ.നോർത്ത് എൽ.പി.എസ്,വയലാർ | വേലിയ്ക്കകത്ത്,വയലാർ പി.ഒ |
| ഡോ.ആര്യ അൽഫോൺസ്,<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, അമ്പലപ്പുഴ ഗ്രാമപഞ്ചായത്ത് | കാക്കിരിയിൽ ഹൗസ്, പുന്നപ്ര.പി.ഒ,ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2000-01 | എൽ.എഫ്.എ5-1832/2011/20.01.12 |
| 2001-02 | |
| 2002-03 | |
| 2003-04 | എൽ.എഫ്.എ5-1832/2011/19.01.12 |
| 2004-05 | |
| 2005-06 | |
| 2006-07 | എൽ.എഫ്.എ9-275/2010/31.01.11 |
| 2007-08 | എൽ.എഫ്.എ.പി.4-605/2011/28.11.11/3.12.11 |
| 2008-09 | എൽ.എഫ്.എ.പി.4-606/2011/30.11.11/3.12.11 |
| 2009-10 | എൽ.എഫ്.എ.പി.8-503/2012/17.07.12/10.08.12 |
| 2010-11,<br>2011-12 | എൽ.എഫ്.എ.പി.8-112/2013/8.04.13/25.06.13 |
| 2012-13 | എൽ.എഫ്.എ.പി.8-996/201426.06.14/08.12.14 |
| 2013-14 | എൽ.എഫ്.എ.പി.ഇസഡ്-പി8-1071/2015 /04.09.15/5.10.15 |
| 2014-15 | കെ.എസ.എ.എ.എൽ.പി.പി.2-774/2016/11.07.16 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ

# 5-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-എ.എൽ.പി/പി2-1460/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് ഓഫീസ്,ആലപ്പുഴ

തീയതി: 14.12.2016

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാന്റേഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ വയലാർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1 -ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വയലാർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ

No. KSA-ALP- P2-1460/2016

Kerala State Audit Department,
District Audit Office, Alappuzha.
Date:14.12.2016

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Vayalar Grama Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of panchayats.

In my opinion, the Financial Statements of Vayalar Gramapanchayat for the year 2015-16 except the observations in Part 4 – Para 4-1 of Audit Report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department,

Alappuzha